MONDAY 09-05-2022 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Sunilkumar R Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-09/05/2022.

1. കേരള കാർഷിക സർവകലാശാല കാർഷിക കോളേജ് പടന്നക്കാട് വച്ച് ഈ മാസം 13,14,15 (മെയ് 13,14,15) തീയതികളിൽ മലബാർ മാംഗോ ഫെസ്റ്റ് നടത്തുന്നു. ഇതിനോടനുബന്ധിച്ച് കിസാൻമേള, കാർഷിക പ്രദർശനം, വിപണനമേള, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചിരിക്കുന്നു.

2. പ്രധാനമന്ത്രി കൃഷിസിഞ്ചായിയോജന പദ്ധതിയിലൂടെ **സൂക്ഷ്മജലസേചന സംവിധാനങ്ങൾ കൃഷിയിടങ്ങളിൽ സബ്സിഡിയോടു** കൂടി സ്ഥാപിക്കുന്നതിന് കൃഷിവകുപ്പ് അപേക്ഷകൾ ക്ഷണിക്കുന്നു. ഡ്രിപ്പ്, സ്പ്രിംഗ്ളർഎന്നീ ആധുനികജലസേചന രീതികളുടെ ഗുണഭോക്താക്കളാകുവാൻ ഈ പദ്ധതിയിലൂടെ കർഷകർക്ക്അവസരംലഭിക്കുന്നു. ചെറുകിട നാമമാത്ര കർഷർക്ക് പദ്ധതിചെലവിന്റെ അനുവദനീയതുകയുടെ 80 ശതമാനവും മറ്റുള്ള കർഷകർക്ക് 70 ശതമാനവും പദ്ധതി നിബന്ധനകളോടെ ധനസഹായമായി ലഭിക്കുന്നു. കൂടുതൽവിവരങ്ങൾക്ക് ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ബന്ധപ്പെടുക.

3. തിരുവനന്തപുരം ജില്ലയിലെ ജെഴ്സിഫാം എക്സ്റ്റെൻഷൻ യൂണിറ്റിലെ 12 മരങ്ങൾ ഈ മാസം 12-ന് (മേയ് 12) പകൽ 12 മണിക്ക് ലേലം/ക്വട്ടേഷൻ വഴി വിൽപ്പന നടത്തുന്നു. ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ അന്നേ ദിവസം (മേയ് 12) ലേലത്തിനു മുമ്പായി 1000 രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9846671074** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. വെള്ളായണി കാർഷിക കോളേജിലെ ബയോകൺട്രോൾ ലബോറട്ടറിയിൽ നിന്നും മിത്രപ്രാണികളുടെ **മുട്ടകാർഡ് അഥവാ ട്രൈക്കോകാർഡുകൾ** ലഭ്യമാണ്. കൃഷിക്ക് ദോഷകരമാകുന്ന കീടങ്ങൾക്കെതിരെയുള്ള ജൈവീക കീട നിയന്ത്രണ ഉപാധിയാണ് ട്രൈക്കോകാർഡ്. നെല്ലിന്റെ തണ്ടുതുരപ്പൻപുഴു, ഓലചുരുട്ടിപ്പുഴു, പച്ചക്കറിവിളകളിലും മറ്റുവിളകളിലും കാണുന്ന പുഴുവർഗ്ഗകീടങ്ങൾ എന്നിവയ്ക്കെതിരെ ട്രൈക്കോകാർഡുകൾ ഫലപ്രദമാണ്. ഒരു കാർഡിന് 50 രൂപയാണ് വില. ഒരു ഹെക്ടർ നെൽകൃഷിയ്ക്ക് ഒറ്റത്തവണ ഉപയോഗിക്കാൻ 250 രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക്. **9645136567, 9446378182** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവകലാശാല വിവിധ വകുപ്പുകളിലായി 9 അസിസ്റ്റന്റ് പ്രൊഫസർമാരുടെ എൻ.സി.എ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മെയ് മാസം 20. വിജ്ഞാപനത്തിനും കൂടുതൽ വിവരങ്ങൾക്കും www.kvasu.ac.in എന്ന സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക.

6. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങൾ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ലഭ്യമാണ്. താൽപര്യമുള്ളവർ **0479 – 2452277, 9495805541** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. തിരുവനന്തപുരം കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്ററിൽ ഉത്പാദിപ്പിച്ച നേന്ത്രൻ, ചെങ്കദളി, ഗ്രാൻനെയ്ൻ ഇനങ്ങളുടെ ടിഷ്യുകൾച്ചർ വാഴതൈകൾ തൈ ഒന്നിന് 20 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471–2413739** എന്ന ഫോൺ നമ്പരിലോ, bmfctvm@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക

**പരിശീലന പരിപാടികൾ**

8. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **12-ന് പോത്ത് വളർത്തൽ, 18,19 തീയതികളിൽ ഓമനപ്പക്ഷി പരിപാലനം, 23,24 തീയതികളിൽ മുയൽ വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0471 – 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (മെയ് 9) രാവിലെ 11 മണി മുതൽ **കൂട്ടാം ഗുണനിലവാരം നേടാം മെച്ചപ്പെട്ട വില** എന്ന വിഷയത്തിലും 11-ന് ക്ഷീരസംഘം ജീവനക്കാരുടെ സർവീസ് പുസ്തകം, അവധി - ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9495445536** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക. താൽപ്പര്യമുള്ളവർ iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക.

10. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിച്ചു വരുന്ന പരിശീലന കേന്ദ്രത്തിൽ വച്ച് മെയ് മാസം **12,13 തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 19-ന് കാടവളർത്തൽ, 26,27 തീയതികളിൽ ബ്രോയിലർ വളർത്തൽ** എന്നീ പരിശീലനങ്ങൾ നടത്തുന്നു. താൽപ്പര്യമുള്ളവർ സെൻട്രൽ ഹാച്ചറി പരിശീലന വിഭാഗവുമായി ബന്ധപ്പെട്ട് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0479-2457778, 0479-2452277** എന്നീ ഫോൺ നമ്പരുകളിൽ പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം